ഉത്തരം

(എ) 2000-01-ലെ വാർഷിക കണക്കനുസരിച്ച് ആ വർഷത്തെ ബോർഡിന്റെ ശരാശരിപ്രതിമാസ നഷ്ടം (സർക്കാരിൽനിന്നും നൽകേണ്ട സബ്സിഡി ഒഴിവാക്കുമ്പോൾ) 102.44 കോടി രൂപയോളമായിരുന്നു.

(ബി) 2001 ഏപ്രിലിൽ ബോർഡിന്റെ മൊത്തം കളക്ഷൻ 165.75 കോടി രൂപയായിരുന്നു.

(സി) 2003 ജൂൺ മാസത്തിലെ മൊത്തം കളക്ഷൻ 275.68 കോടി രൂപയാണ്.

വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

15 [3153] ശ്രീ. പി. കെ. അബ്ദു റബ്ബ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ഉപയോഗം വർദ്ധിച്ചു വരുന്നതു കണക്കാക്കി വീടുകൾക്കും വ്യവസായങ്ങൾക്കും വരുന്ന 10 വർഷത്തേക്ക് വേണ്ട വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ പ്ളാനിംഗ് നടത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് എന്തു തുക വേണ്ടി വരുന്നുവെന്ന് കണക്കാക്കി അത് കണ്ടെത്താനുള്ള ശ്രമം കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

ജലേതര പദ്ധതികളിലൂടെ ലഭിക്കുന്ന വൈദ്യുതി

16 [3154] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനം വൈദ്യുതി ജലേതര വൈദ്യുത പദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

40 ശതമാനം.

LIBRARY ARCHIVES Kerala Legislative Assembly